"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീമതി. സരിഗ. പി. എസ് ഫയൽ ചെയ്ത ഡബ്ല്യു.പി (സി) നം. 11888/2020 -ന്മേൽ ബഹു.കേരള ഹൈക്കോടതി 29/03/2021-ൽ പുറപ്പെടുവിച്ച വിധിന്യായം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.2058/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/10/2021

പരാമർശം:-

1. അഗ്രികൾച്ചർ (എഎച്ച്എഫ്) വകുപ്പിന്റെ 18/02/2013-ലെ ജി.ഒ (എം.എസ്) നം.362/13/എ.ഡി. നമ്പർ സർക്കാർ ഉത്തരവ്.
2. 09/09/2015-ലെ ജി.ഒ (എം.എസ്) നം.276/2015/തസ്വഭവ.
3. എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 04/08/2018, 29/06/2021 തീയതികളിലെ DP2-2168/2015 നമ്പർ കത്തുകൾ.
4. ശ്രീമതി. സരിഗ. പി. എസ് ബഹു ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത ഡബ്ല്യു.പി (സി) നം.1 1888/2020-ൻ മേൽ 29/03/2021-ൽ പുറപ്പെടുവിച്ച വിധിന്യായം.
5. ശ്രീമതി. സരിഗ.പി.എസ്-ന്റെ 21/04/2021-ലെ അപേക്ഷ.

ഉത്തരവ്

ശ്രീമതി. പി. എസ്. സരിഗയുടെ ഭർത്താവ് ടി.എം.സജിത്ത് എറണാകുളം ജില്ലാ പഞ്ചായത്തിൽ എസ്.പി.സി.എ (Society for Prevention of Cruelty to Animals) ജൂനിയർ ഇൻസ്പെക്ടർ ആയി ജോലി നോക്കി വരവെ 09/01/2018-ൽ മരണമടയുകയുണ്ടായി. തുടർന്ന് ശ്രീമതി. സരിഗ. പി. എസ് ഭർത്താവിന്റെ ജോലി പിന്തുടർച്ചയായി ലഭിയ്ക്കുന്നതിനും ഫാമിലി പെൻഷൻ ലഭിക്കുന്നതിനും എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കുകയും, തുടർന്ന് എസ്.പി.സി.എ ചെയർപേഴ്സണായ എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ 16/07/2018-ൽ കൂടിയ യോഗം ശ്രീമതി. പി. എസ് സരിഗയുടെ അപേക്ഷ തുടർ നടപടികൾക്കായി സർക്കാരിലേക്ക് അയക്കാൻ തീരുമാനിക്കുകയും, പരാമർശം - 4 പ്രകാരം, എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി പ്രസ്തുത അപേക്ഷ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുകയുമുണ്ടായി.

2) ശ്രീമതി. സരിഗയ്ക്ക് ആശ്രിത നിയമനം നൽകുന്ന വിഷയത്തിൽ നടപടികൾ ത്വരിതപ്പെടുത്താൻ ടിയാൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി (സി) നം.11888/2020 -ന്മേൽ ബഹു. കേരള ഹൈക്കോടതി പരാമർശം (1) പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിധിന്യായ പ്രകാരം നിയമപരമായ തടസ്സങ്ങൾ ഇല്ലെങ്കിൽ പരാമർശം - 4 പ്രകാരമുള്ള എറണാകുളം ജില്ലാ

പഞ്ചായത്ത് സെക്രട്ടറിയുടെ ശിപാർശ പരിഗണിച്ച് ശ്രീമതി. സരിഗയുടെ നിയമനത്തിന് സർക്കാർ അനുമതി നല്കണമെന്നാണ് ഉത്തരവായിരുന്നത്.

3) എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം 6-ലെ റിപ്പോർട്ട് പ്രകാരം, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായും, ജില്ലാ വെറ്റിനറി ഓഫീസർ കൺവീനറുമായുള്ള ജില്ലാ എസ്.പി.സി.എ മാനേജിംഗ് കമ്മിറ്റി ഇന്റർവ്യു നടത്തി സർക്കാർ അനുമതിയോടെയാണ് എസ്.പി.സി.എ ജീവനക്കാരെ നിയമിയ്ക്കുന്നത്. കൂടാതെ എസ്.പി.സി.എ ജീവനക്കാർക്ക് ആശ്രിത നിയമനത്തിനായി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. ടി.എം.സജിത്ത് മരണപ്പെട്ടതിനെ തുടർന്നുണ്ടായ ഒഴിവിൽ ശ്രീ.വിഷ്ണു.വി.യെ ജൂനിയർ ഇൻസ്പെക്ടറായി ചട്ടപ്രകാരം നിയമിച്ചിട്ടുമുണ്ട്

4) സർക്കാർ ഇക്കാര്യം നിലവിലെ ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. എസ്.പി.സി.എ ജീവനക്കാർ കേരള പബ്ലിക് സർവ്വീസസ് ആക്ട് 1968-ന്റെ പരിധിയിൽ വരുന്നില്ല. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായും, ജില്ലാ വെറ്റിനറി ഓഫീസർ കൺവീനറായുമുള്ള ജില്ലാ എസ്.പി.സി.എ മാനേജിംഗ് കമ്മിറ്റി ഇന്റർവ്യു നടത്തി സർക്കാർ അനുമതിയോടെയാണ് എസ്.പി.സി.എ ജീവനക്കാരെ നിയമിയ്ക്കുന്നത്. ടി.എം.സജിത്ത് മരണപ്പെട്ടതിനെ തുടർന്നുണ്ടായ ഒഴിവിൽ ശ്രീ. വിഷ്ണു.വി.യെ ജൂനിയർ ഇൻസ്പെക്ടറായി ചട്ടപ്രകാരം നിയമിച്ചിട്ടുണ്ട്.

5) മേൽ സാഹചര്യത്തിൽ, എറണാകുളം ജില്ലാ പഞ്ചായത്തിൽ എസ്.പി.സി.എ (Society for Prevention of Cruelty to Animals) ജൂനിയർ ഇൻസ്പെക്ടർ ആയി ജോലി നോക്കി വരവെ 09/01/2018-ൽ മരണമടഞ്ഞ ടി.എം.സജിത്തിന്റെ ജോലി പിന്തുടർച്ചയായി ലഭിയ്ക്കുന്നതിനും ഫാമിലി പെൻഷൻ ലഭിയ്ക്കുന്നതിനും ടിയാന്റെ ഭാര്യ ശ്രീമതി. സരിഗ. പി. എസ്. എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി മുഖേന സർക്കാരിൽ സമർപ്പിച്ച അപേക്ഷ പരിഗണിയ്ക്കാൻ നിർവ്വാഹമില്ല. ആയതിനാൽ പ്രസ്തുത അപേക്ഷ നിരസിച്ചു കൊണ്ടും, അപ്രകാരം പരാമർശം 1 -ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് മുഖേന).

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, എറണാകുളം.

ശ്രീമതി.സരിഗ.പി.എസ്, പേടംകോട്ട് ഹൗസ്, കല്ലറ റോഡ്,

നടമ ഏരൂർ.പി.ഒ, തൃപ്പണിത്തുറ, കൊച്ചി - 682 306.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ധനകാര്യ വകുപ്പ്(17.6.2021-ലെ Dev-1/111/2021-FIN പ്രകാരം)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(13.9.2021-ലെ Rules-3/132/2021-P&ARD പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി, വെബ്&ന്യൂ മീഡിയ വിംഗ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ